# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3848 15.03.2017- ൽ മറുപടിക്ക്**

**"ചെറുകിട ഇടത്തരം വ്യവസായങ്ങളെ സംരക്ഷിക്കുന്നതിന് നടപടി"**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ. എൻ. ഷംസീർ | ശ്രീ. എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| കേരളത്തിലെ ചെറുകിട ഇടത്തരം വ്യവസായങ്ങളെ സംരക്ഷിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്? | സംസ്ഥാനത്തെ ചെറുകിട വ്യവസായ മേഖലയിലെ സമഗ്ര വികസനത്തിനും സംരംഭകരെ സഹായിക്കുന്നതിനും ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിച്ച് കൂടുതൽ നിക്ഷേപം ഉറപ്പുവരുത്തുന്നതിനുമായി "സംരംഭകത്വ സഹായ പദ്ധതി" വഴിയും, സ്കൂൾ കോളേജ് തലങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ (ഇ ഡി ക്ലബ്ബുകൾ) വഴിയും സാമ്പത്തിക സഹായം നൽകി വരുന്നു. ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിനായി ബിസിനസ് ടു ബിസിനസ് മീറ്റ്, വ്യവസായ സംഗമം, എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം, ബോധവൽക്കരണ ക്ലാസുകൾ, എമർജിംഗ് കേരള തുടങ്ങിയവ സംഘടിപ്പിക്കുന്നുണ്ട്. അതിലൂടെ സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങൾക്ക് വിപണന സാദ്ധ്യത വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുന്നതിനായി ജില്ലാ/ സംസ്ഥാന തലങ്ങളിൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് പ്രവർത്തിക്കുന്നുണ്ട്. പുതിയ വ്യവസായ സംരംഭങ്ങളെ സഹായിക്കുവാനും മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുവാനും എല്ലാ ജില്ലാ കേന്ദ്രങ്ങളിലും ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. വിപണന പ്രോത്സാഹനാർത്ഥം ജില്ലാ സംസ്ഥാന തലങ്ങളിൽ വിവിധ പ്രവർത്തന മേളകൾ സംഘടിപ്പിക്കുന്നുമുണ്ട്. കൂടാതെ ബാങ്കേഴ്സ് സമിതികളിൽ വ്യവസായികളുടെ പ്രശ്നങ്ങൾ നിരന്തരമായി ഉന്നയിക്കുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ